**1048**

ലക്ഷ്യമതാണേ എൻ ആശയതാണേ
എൻ ജീവനാഥനെ ഞാനെന്നു കാണുമോ

1 ക്രൂശിൽ യാഗമായ് തൻ ചോരയൂറ്റിയ
എൻ ജീവനാഥനെ ഞാനെന്നു കാണുമോ
ദേവ ദേവനെ എൻത്യാഗവീരനെ
എൻജീവിതസുഖം നീ മാത്രമാകുന്നേ

2 പ്രത്യാശനാടിനെ ഞാനോർത്തിടുന്നേരം
പ്രത്യാശയെന്നുള്ളിൽ പൊങ്ങിടുന്നിതാ
നിത്യസൗഭാഗ്യം ലഭ്യമാകുവാൻ
എത്രകാലം ഞാൻ കാത്തിടേണമോ-

3 പൂർവ്വപിതാക്കൾ നോക്കി പാർത്തതാം
നിത്യസൗധത്തിൽ നാം എത്തിടുവാനായ്
യുവസോദരങ്ങളെ യുവ കേസരികളെ
നാം ഒന്നുചേരുക ജയക്കൊടി ഉയർത്തുക-

4 ഈ പാഴ്മരുഭൂമി എനിക്കാനന്ദമല്ലേ
സീയോൻ പുരിയതോ അധികകാമ്യമേ
എന്നു ചെന്നു ഞാൻ വീട്ടിൽ ചേരുമോ
അന്നു തീരുമേ ഈ പാരിൻ ദുരിതം-